മാരാമൺ കൺവൻഷൻ 2023

128 മാരാമൺ കൺവൻഷൻ FEBRUARY 12-19

# മാരാമൺ സന്ദേശം

പ്രതിദിന വാർത്താ പത്രിക

Published by: Malabar Mar Thoma Syrian Christian Evangelistic Association

2023 ഫെബ്രുവരി 18 ശനി

### മാരാമൺ സന്ദേശം – ശനി– മിഷനറി യോഗം

# ക്രൂശാനുഭവം രൂപപ്പെടുത്തുന്ന രക്ഷ-ദൗത്യ ബോധ്യതകൾ

റവ. മാർക്ക് ഡി. ചാപ്മാൻ

## ഗലാത്യർ : 5: 16-24

സഭയ്ക്ക് വിശുദ്ധനായ പൗലോസ് ഒരു മനുഷ്യൻ കൂടിയാണ്. പൗലോസിന്റെ ലേഖനങ്ങൾ സുവിശേഷത്തിന്റെ ശക്തമായ പ്രേരണകളെയും, അധികാരത്തെയും വ്യക്തമാക്കി തരുന്നുണ്ട്. ക്രിസ്തീയ ദൗത്യത്തിന്റെ കേന്ദ്രബിന്ദു യേശുക്രിസ്തുവിന്റെ ക്രൂശാണ്. ഈ ക്രൂശിലാണ് സുവിശേഷത്തിന്റെ തീക്ഷ്ണത കാണുവാൻ സാധിക്കുന്നത്. പൗലോസ്, തന്റെ ദൗത്യ ജീവിതത്തിൽ തന്നെ രക്ഷിച്ച ക്രിസ്തുവിനെയും അവന്റെ ക്രൂശാനുഭവങ്ങളെയും തന്റെ ജീവിതത്തോട് ചേർത്ത് വെയ്ക്കുന്നു.

അത് പൗലോസിന് നൽകുന്ന സുവിശേഷ വീക്ഷണം അദ്ദേഹം തന്റെ ലേഖനങ്ങളിൽ ശക്തമായ ഭാഷയിലൂടെ ഉപയോഗിക്കുന്നു. ഗലാത്യർ 3:-ന്റെ ആരംഭത്തിൽ "ഹാ ബുദ്ധിയില്ലാത്ത ഗലാത്യരെ........" എന്ന് പറഞ്ഞു തുടങ്ങുന്ന പൗലോസ് വ്യക്തമാക്കുന്നത് ക്രിസ്തുവിന്റെ ക്രൂശിന് അല്ലാതെ മറ്റൊന്നിനും രക്ഷ നൽകുവാൻ സാധിക്കുകയില്ലെന്നതാണ്. സുവിശേഷ ദൗത്യത്തെ ജീവിതത്തിൽ വഹിക്കുന്നവരായ നാം ആയതിലൂടെയെല്ലാം നാം ഓരോരുത്തരും യേശുക്രിസ്തുവിന്റെ ക്രൂശീകരണത്തോട് ഏകീഭവിക്കുകയാണ്.

ക്രിസ്തു നമ്മിൽ ജീവിക്കുന്നുവെന്ന ഓർമ്മയെ നാം ശക്തീകരിക്കുകയാണ് ചെയ്യുന്നത്. മറ്റൊരു രീതിയിൽ യേശുക്രിസ്തുവിന്റെ ജീവിതവുമായി നമ്മുടെ ജീവിതത്തെ ചേർത്ത് നിർത്തുകയാണ്. ഇതിലൂടെ രക്ഷയുടെ മർമ്മത്തെ സ്വാംശീകരിക്കുവാൻ നമുക്ക് കഴിയണം. ക്രൂശിന്റെ ശക്തിയും ക്രൂശിലെ വിജയവും നമ്മുടെ ഭാഗമായി തീരുന്നു. ഈ അനുഭവ ബോദ്ധ്യങ്ങളെ നമ്മെ ക്രിസ്തുവിന്റെ ദൗത്യത്തിലേക്ക് ക്ഷണിക്കുന്നതാണ്. ഈ ദൗത്യം ക്രിസ്തുവിലൂടെയുള്ള സ്വാതന്ത്ര്യവും ദൈവത്തിന്റെ വലിയ ദാനങ്ങളെ പങ്കുവെയ്ക്കുവാനും നമ്മെ സജ്ജരാക്കുന്നു.

യേശുക്രിസ്തു നമുക്കു വേണ്ടി കുരിശിൽ മരിച്ചതിലൂടെ പൗലോസ് അർത്ഥമാക്കുന്നത് ക്രൂശിലെ മരണം പാപത്തിന്റെ എല്ലാ ശക്തിയെയും കീഴടക്കി എന്നതിനെയാണ്. രക്ഷയുടെ സ്വാധീനം എവിടെയും ചുരുക്കപ്പെടുന്നില്ലെന്നും , അത് ഇന്നും ലഭ്യമായിക്കൊണ്ടിരിക്കുന്നുവെന്നും ക്രൂശ് നമുക്ക് വ്യക്തമാക്കുന്നു. ഇപ്രകാരം സവിശേഷമായ രക്ഷയെ ലോകത്തിന് പങ്കുവെയ്ക്കുവാൻ നമുക്ക് സാധിക്കണം.

ദൗത്യമേഖലകളിൽ, ദൈവകൃപയിൽ ആശ്രയിക്കുകയെന്നുള്ളത് യേശുവിന്റെ ക്രൂശീകരിണത്തിൽ ആശ്രയിക്കുകയെന്നതായി നാം മനസ്സിലാക്കണം. ഗത്സമനയിൽ യേശുവിന്റെ പ്രാർത്ഥന അത് വ്യക്തമാക്കുന്നു. യെഹൂദാ പാരമ്പര്യത്തിലെ അപമാനകരമായ ക്രൂശിലെ മരണം സകലർക്കും രക്ഷയ്ക്കുള്ള കാരണമായി തീരുന്നു. ത്യജിക്കുന്ന അനുഭവം നമ്മുടെ ദൗത്യത്തിൽ ദൈവം പ്രതീക്ഷിക്കുന്നു. ഫിലിപ്പിയർ 2-ൽ സ്വയം ത്യജിച്ച് ദാസരൂപമെടുത്ത യേശുക്രിസ്തുവിന്റെ ദൗത്യമാനങ്ങൾ സ്വയം ശൂന്യവത്കരിക്കുന്നതിന്റെയാണ്. ഇപ്രകാരമുള്ള ദൗത്യവീഥികളിൽ ദൈവത്തിന് ലോകത്തെ പുനരാവിഷ്ക്കരിക്കുവാൻ സാധിക്കുന്നു. ദൈവത്തെപ്പോലെയാകുവാൻ ശ്രമിച്ച ആദാമിന്റെ അനുസരണക്കേടിന് മുമ്പിൽ രണ്ടാം ആദാമായ യേശുക്രിസ്തു വ്യക്തമാക്കി തരുന്നത് സമ്പൂർണ്ണ അനുസരണത്തിന്റെ ബദൽ സംസ്ക്കാരത്തെയാണ്. ഈ ബദൽ സംസ്ക്കാരം വിമോചനത്തെ പ്രഖ്യാപിക്കുന്നു. ഈ വിമോചനം, സ്വാതന്ത്ര്യം, നമുക്ക് മുമ്പിൽ വെയ്ക്കുന്ന യാഥാർത്ഥ്യ ബോധം, യേശുക്രിസ്തുവിൽ നാം എല്ലാവരും ഒന്നാണെന്നതാണ്. യേശുക്രിസ്തുവിന്റെ ക്രൂശാനുഭവത്തിലൂടെ നമുക്ക് നൽകപ്പെട്ടിരിക്കുന്ന പുതിയ ആളത്വം, നാമെല്ലാവരും സുവിശേഷത്തിനായി വിളിക്കപ്പെട്ടിരിക്കുന്നുവെന്നതിനെ മനസ്സിലാക്കിത്തരുന്നു. ദൗത്യത്തതിന് വേണ്ടിയുള്ള വിളിയിൽ സുവിശേഷം നമുക്ക് നൽകുന്ന ജീവിത രീതിയെയും മനസ്സിലാക്കണം. അത് ദൈവത്തിന്റെ സ്നേഹ വെളിച്ചത്തിൽ ഉള്ളള സംസ്ക്കാരമാണ്. പൗലോസ് വ്യക്തമാക്കുന്നു, എല്ലാ ന്യായപ്രമാണത്തിന്റെയും അടിസ്ഥാനം സ്നേഹമെന്ന്. സ്നേഹത്തിൽ നിലനിൽക്കേണ്ടത് ദൈവത്തിന്റെ പരിശുദ്ധാത്മവിലൂടെയാണ്.



*മിഷനറി യോഗത്തിൽ റവ.മാർക്ക് ഡി.ചാപ്പ്മാൻ പ്രസംഗിക്കുന്നു; റവ.മാത്യൂ സ്കറിയ ഭാഷാന്തരം ചെയ്യുന്നു*

സുവിശേഷ ദൗത്യത്തിൽ ജഡികമായ ജീവിതം പിന്നിലേക്ക് വലിക്കുന്നതാണ്. പിന്നിലേക്കുള്ള നോട്ടം, ക്രിസ്തു ദർശനത്തിലേക്കുള്ള യാത്രയിൽ നിന്ന് നമ്മെ പിന്മാറ്റുന്നതാണ്. ആത്മാവിലുള്ള ജീവിതം എന്നത് നമ്മുടെ സ്നേഹത്തെ അപരന്റെ ഇടങ്ങങ്ങളിലേക്ക് എത്തിക്കുന്നതാണ്. അപരനെ സ്നേഹിക്കുവാൻ നാം മറന്നു പോകുന്നത്, നമുക്ക് മുമ്പിലുള്ളള പരീക്ഷണങ്ങളുടെ സൂചനയാണ്. പല ആസക്തികളിലേക്കും നാം എത്തപ്പെട്ടുവെന്നതിന്റെയും സൂചനയാണ്. ഇത് ദുഷ്ക്കരമാണ്.

ദൗത്യജീവിതത്തിൽ നമ്മുടെ ശ്രദ്ധ ദൈവ കേന്ദ്രീകൃതമാകുമ്പോൾ ജഡത്തിന്റെ പ്രസക്തിയില്ലാതാകുന്നു. ജഡത്തിന്റെ പ്രവൃത്തികൾക്ക് എല്ലാം ലോകത്തിന്റെ ഭാഗമാണ്. എന്നാൽ ദൈവവവുമായിട്ടുള്ള സംസർഗ്ഗത്തിൽ നാം പ്രവേശിക്കുമ്പോൾ എത്തപ്പെടുന്നത് ദൈവത്താൽ നയിക്കപ്പെടുന്ന ദൗത്യമേഖലകളിലേക്കാണ്. സുവിശേഷ ദൗത്യം ആധികാരികമാകുന്നത്, ജഡത്തെ അതിന്റെ രാഗമോഹങ്ങങ്ങളോടുകൂടി ക്രൂശിക്കുന്നതിലൂടെയാണ്. ഇത് നമുക്ക് മുൻപിൽ സാധ്യമാക്കുന്നത് പുതുജീവിത അനുഭവങ്ങളെയാണ്. നമ്മുടെ ദൗത്യം അനുരഞ്ജനത്തിന്റെയും പ്രാർത്ഥനയുടേതുമാണ്.

ദൗത്യമേഖലകളിൽ നിരന്തരം ക്രിസ്തുവിന്റെ ക്രൂശിലേക്ക നോക്കുക, ക്രിസ്തുവിന്റെ ക്രൂശനുഭവം നിരന്തരം നമ്മിൽ നിലകൊള്ളണം. ആയതിലൂടെ യേശുവിന്റെ ചൂടടയാളത്തെ നമുക്ക് സ്വീകരിക്കാം.

നിരാശയുടെ അനുഭവം ദൈവം ആഗ്രഹിക്കുന്നില്ല. നിരന്തരം സ്തുതിയുടെ ശബ്ദം നമ്മിൽ നിന്നും ഉയരണം. ഈ അനുഭവം ക്രിസ്തു സ്നേഹത്തിന്റെ തികവിൽ സാധ്യമാകുന്നതാണ്. നമുക്ക് മുന്നിൽ വെക്കുന്നത് രക്ഷയുടെയും സ്നേഹത്തിന്റെയും പങ്കുവെയ്ക്കലിന്റെയും അനുഭവ ബോധ്യങ്ങളാണ്. ഈ ബോധ്യങ്ങൾ പരിധികളില്ലാതെ ദൈവീക ദൗത്യങ്ങളിലേക്ക് പ്രവേശിക്കുവാൻ നമ്മോട് ആഹ്വാനം ചെയ്യുന്നു.

*തയ്യാറാക്കിയത് :*
*ജസ്റ്റിൻ എ തോമസ്*
*ക്രിസ്റ്റി കെ സന്തോഷ്*
*(മാർത്തോമ്മ വൈദീക സെമിനാരി)*

ബൈബിൾ സ്റ്റഡി :

# സഭ ഒരു തണ്ണീർത്തടം

റവ. മോത്തി വർക്കി

**വെളിപ്പാട് 16: 4-7, യോഹന്നാൻ 7: 37,38**

പ്രകൃതിയിലെ ഓരോ ജീവിതങ്ങളും ദൈവത്തിന്റെ കയ്യൊപ്പുകളാണ്. അവയെ ചേർത്ത് വായിക്കുമ്പോൾ അത് തിരുവെഴുത്തുകളിൽ അതിലൂടെയുള്ള വിഭവങ്ങൾ തിരുത്താഴമായും കാണേണ്ടത് അനിവാര്യമാണ്. ഈ പശ്ചാത്തലത്തിൽ വേദപുസ്തകത്തെ നാം മനസ്സിലാക്കേണ്ടതാണ്.

പ്രകൃതിയിലെ പ്രധാന വിഭമായ വെള്ളം നമ്മെ ചിലത് ഓർമ്മിപ്പിക്കുന്നുണ്ട്. വെള്ളത്തിന് എല്ലാം ഓർമ്മയുണ്ട്. സമാധാനത്തിന്റെ പേര് വെള്ളമെന്നതാകുമ്പോൾ അത് ഗൗരവമേറിയ ചിന്തകളെ നമുക്ക് മുന്നിൽ വെയ്ക്കുന്നുണ്ട്. വരൾച്ചയുടെ ഇടങ്ങൾ പിളർന്നു പോകുന്ന ഇടങ്ങളായി മാറുന്നു. ഭൂമിയുടെ ചരിത്രം ഇന്ന് നമുക്ക് മുന്നിൽ വെയ്ക്കുന്നത് "നൊസ്റ്റാൾജിയ" അല്ല, അത് "സൊലാസ്റ്റാൾജിയ" ആയി മാറിയിരിക്കുന്നു. ഇങ്ങനെയൊരു ഭൂമിയുണ്ടായിരുന്നുവെന്ന തലത്തിലേക്ക് മാറിപ്പോകുന്നു. ഈ കാലഘട്ടത്തെ സാങ്കേതികമായി മനുഷ്യാനന്തരം കാലമെന്ന് വിളിക്കുന്നു. പ്രകൃതിയുടെ മേലുള്ള മനുഷ്യ മേധാവിത്വം ഈ ഭൂമിക്ക് അനിവാര്യമായതല്ല. കാരണം മനുഷ്യന് മുമ്പേ ഭൂമി അതിന്റെ സ്വാഭാവികതയിൽ നിലനിന്ന് വന്നു. പ്രകൃതിയുടെ മേലുള്ള കാര്യവിചാരകത്വം മനുഷ്യൻ മാറ്റേണ്ടിയിരിക്കുന്നു.

മനുഷ്യൻ പ്രോഗ്രാം സൃഷ്ടിയുടെ മകുടമാണെന്ന ആശയം യൂറോപ്യൻ കോളനിവത്കരണ കാലഘട്ടത്തെ ആശയമാണ്. അധികാര കേന്ദ്രങ്ങൾ മാത്രം അവരുടെ പരിഗണനയിൽ പാവപ്പെട്ടതും ദളിതും, സ്ത്രീകളും ഈ മകുടോദാഹരണത്തിൽ ഉൾപ്പെടുന്നതുമില്ല. വികസനമെന്നതിൽ നാം അത് തന്നെ ചേർക്കപ്പെട്ടിട്ടില്ല.

പ്രകൃതിയുടെ മേൽ ആധിപത്യം സ്ഥാപിക്കുകയെന്നത് മനുഷ്യന്റെ മേൽ തുടരുന്ന ആധിപത്യത്തെ തന്നെയായി സൂചിപ്പിക്കുന്നത്. മനുഷ്യന്റെ ജീവിതം ആരംഭിക്കുന്നത് വെള്ളത്തിന്റെ ഇടങ്ങളിൽ നിന്നാണ്. അങ്ങനെയെങ്കിൽ വെള്ളം നമ്മുടെ ജീവനെയും സംസ്കാരത്തെയും സൂചിപ്പിക്കുന്നു. ഇനി സംഭവിക്കാൻ പോകുന്ന യുദ്ധം വെള്ളത്തിന്റെ പേരിലാകുമെന്നത് ഗൗരവമായി ചിന്തിക്കേണ്ടതാണ്. വെള്ളത്തിലൂടെയാണ് കാലാവസ്ഥാമാറ്റം നമ്മുടെ മുൻപിലെത്തുന്നത്. വെള്ളം എല്ലാം ഓർത്തുവെയ്ക്കുന്ന സാഹചര്യം കഠിനമായതാണ്. വെള്ളം നമ്മോട് കലഹിക്കുന്നതാണ് പ്രളയം.

പ്രകൃതിയിൽ സംഭവിക്കുന്ന അപകടങ്ങൾ ഒന്നും പ്രകൃതി ദുരന്തങ്ങളല്ല. അത് മനുഷ്യന്റെ പ്രവൃത്തിയുടെ പരിണിത ഫലമാണ്. ദൈവം ക്രോധമയക്കുന്നത് പ്രകൃതിയുടെ മേലാണ്. പുറപ്പാട് പുസ്തകത്തിൽ നാം കാണുന്നത്. മോശ നദിയുടെ മേൽ അടിക്കുമ്പോൾ വെള്ളം രക്തമാകുന്നു. യോഹന്നാൻ 2:15-ൽ ദൈവാലയത്തിലെ മേശ യേശു മറിച്ചിട്ടുവെന്ന് രേഖപ്പെടുത്തിയിരിക്കുന്നത്, മനുഷ്യന്റെ കുറ്റത്തെയും ശിക്ഷയെയും ഓർമ്മപ്പെടുത്താനാണ്. ദൈവം ജലസ്രോതസ്സുകളെ മറിച്ചിടുന്നു. അത് നമ്മുടെ കുറ്റത്തിന്റെയും ശിക്ഷയുടെയും സൂചനകളാണ്. ഇന്നിന്റെ കാലഘട്ടത്തിൽ അതിന്റെ ക്ലേശകരമായ പാരിസ്ഥിക - ജീവിത പരിസരങ്ങളിൽ തണ്ണീർത്തടത്തിന്റെ വീണ്ടെടുപ്പ് സുവിശേഷമാണ്. സുവിശേഷത്തിൽ വെള്ളം ചേർക്കുന്ന ഈ കാലഘട്ടത്തിൽ നമുക്ക് എന്നാണ് വെള്ളത്തിന്റെ സുവിശേഷം മനസ്സിലാക്കുവാൻ കഴിയുക. പ്രകൃതിയോട് ചെയ്യുന്ന അപരാധങ്ങൾ പാപത്തിന്റെ പട്ടികയിൽ എന്നാണ് ചേർക്കപ്പെടുക.

വെളിപ്പാട് 16:5-ൽ ജലാധിപതിയായ ദൂതൻ സംസാരിക്കുന്നു. വെള്ളത്തിന്റെ ചുമതലയുള്ള മാലാഖ പറയുന്നു. ജലത്തെ തന്റെ ക്രോധം മൂലം രക്തമാക്കിക്കളഞ്ഞ ദൈവം നീതിമാനെന്നാണ്. ഇതാരുടെ രക്തമാണെന്നതിന്റെ ഉത്തരമാണ് 6-ാം വാക്യം. ദൈവസൃഷ്ടിക്കു വേണ്ടി സംസാരിച്ച, പ്രകൃതിയുടെ പ്രവാചകന്മാരെ, പരിസ്ഥിതിയുടെ അപ്പോസ്തലന്മാരെ കൊന്നുതള്ളിയ കാലത്ത്, ദൈവം ആ രക്തം സൂക്ഷിച്ചു വെച്ചിരിക്കുന്നു. മുന്നറിയിപ്പുകളെ അവഗണിച്ച മനുഷ്യന് മുന്നിൽ ദൈവം ഈ രക്തം കലർത്തിക്കൊണ്ടിരിക്കുന്നു. ഇതാണ് "മലിനീകരണം" എന്ന് പറയുന്നത്. ഇവിടെ ദൈവത്തിന്റെ നീതി ദൈവം പ്രഖ്യാപിക്കുകയാണ്. ഇവിടെ മാലാഖയിലൂടെ വെള്ളം സംസാരിക്കുന്നു. വെള്ളത്തിന്റെ പ്രാർത്ഥനാഗീതം നാം മനസ്സിലാക്കണം. അതിൽ നിന്നും മാറിയുള്ള രീതി നമുക്കില്ല. ദൈവത്തിന്റെ യാഗപീഠത്തിന്, അൾത്താരയ്ക്ക് ഒരു ശബ്ദമുണ്ട്. അത് ചില മറുപടികളാണ്, പ്രതികരണമാണ്. മനുഷ്യൻ പ്രകൃതിയുടെ വേദനയോട് പ്രതികരിക്കുന്നതാണ് ആരാധന. പ്രകൃതി കാർമ്മികത്വം വഹിക്കുമ്പോൾ മനുഷ്യൻ പ്രതിവാക്യം പറയുന്നു. ആരാധനയിലെ പ്രതികരണം അനിവാര്യതയാണ്.



*ബൈബിൾ ക്ലാസ്സിന് റവ.ഡോ.മോത്തി വർക്കി നേതൃത്വം നൽകുന്നു*

പ്രകൃതിയുടെ അതിശയങ്ങളെ കാണുമ്പോൾ ഉണ്ടാകേണ്ട വിസ്മയം നാം തിരികെ നേടേണ്ടിയിരിക്കുന്നു. വെള്ളത്തിന്റെ സുവിശേഷം വ്യക്തമാക്കുന്നതാണ് വി.മാമ്മോദീസ. യോഹന്നാൻ 7:37, 38-ൽ "എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ" എന്നതിന്റെ കൃത്യമായ വാക്ക് ഗർഭത്തിൽ നിന്നും പുറപ്പെടുന്ന അനുഭവത്തിന് സമാനമാണ്. പ്രസവത്തിന് മുന്നോടിയായി സംഭവിക്കുന്നത് ജലത്തിന്റെ പ്രവാഹമാണ്. ക്രിസ്തുവിൽ വിശ്വസിക്കുന്നവരും ഉണ്ടാകേണ്ടത് ഈ അനുഭവമാണ്. ഈ അനുഭവമാണ് ശിഷ്യത്വം.

പ്രകൃതിയുടെ വിസ്മയങ്ങൾ നമ്മെ എത്തിക്കേണ്ടത് വിസ്മൃതിയുടെ ബോധങ്ങളിലേക്കല്ലസ പിന്നെയോ പ്രകൃതിയുടെ ശബ്ദമായി മാറുന്നതിന് വേണ്ടിയുള്ള ആഹ്വാനമാകുവാൻ വേണ്ടിയാണ്.

*തയ്യാറാക്കിയത്*
*ജസ്റ്റിൻ എ തോമസ്*
*ജിതിൻ രാജു*
*(മാർത്തോമ്മ വൈദീക സെമിനാരി)*

## കൺവൻഷന്റെ തത്സമയ വിശേഷങ്ങളുമായി

**maramonconventiononline.com**

മാരാമൺ : ഈ വർഷം മുതൽ കൺവൻഷന്റെ വിപുലമായ വിശേഷങ്ങൾ കൂടുതൽ ആളുകളിലേക്ക് എത്തിക്കുന്നതിന് മാർത്തോമ്മാ സുവിശേഷ പ്രസംഗ സംഘം വിപുലമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തി. ഓരോ ദിവസത്തെയും വിശദാംശങ്ങളും വിശേഷങ്ങളും കൂടാതെ കൺവൻഷന്റെ വിവിധ സെഷനുകളുടെ വിശദാംശങ്ങളും ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി maramonconventiononline.com എന്ന ഓൺലൈൻ ന്യൂസ് പോർട്ടൽ സുവിശേഷ പ്രസംഗ സംഘം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഈ പേജിൽ കൺവൻഷന്റെ തത്സമയ സംപ്രേഷണവും ഒരുക്കിയിട്ടുണ്ട്. സംഘത്തിന്റെ മാനേജിംഗ് കമ്മറ്റി അംഗങ്ങളായ അഡ്വ.ജേക്കബ്ബ് ജോൺ കരിക്കം, അജി അലക്സ് എന്നിവരുടെ നേതൃത്വത്തിലാണ് ഓൺലൈൻ ന്യൂസ് പോർട്ടൽ പ്രവർത്തിക്കുന്നത്.

യുവവേദി

# കേരളത്തെ കൂടുതൽ ആകർഷണീയമാക്കണം

**ഡോ.ശശി തരൂർ എംപി**




*മാരാമൺ കൺവൻഷൻ യുവവേദി യോഗത്തിൽ ഡോ.ശശി തരൂർ എംപി പ്രഭാഷണം നടത്തുന്നു*

കുടിയേറ്റമെന്നാൽ യഥാർത്ഥ്യത്തെ കൃത്യമായി വിചിന്തനം ചെയ്യുവാൻ ശ്രമിച്ചാൽ തൊഴിലില്ലായ്മ കൊണ്ടുളവായ കുടിയേറ്റങ്ങളുടെ കണക്കുകൾ അതിഭീകരമാണ്. അതിരൂക്ഷമായ തൊഴിലില്ലായ്മയുടെ കാലഘട്ടത്തിൽ കുടിയേറ്റം വിമർശന വിധേയമാക്കുന്നത് സ്വീകാര്യമല്ല, മികച്ച വിദ്യാഭ്യാസ യോഗ്യതയുണ്ടായിട്ടും, ജോലി കണ്ടെത്തുവാൻ ഈ നാട്ടിലെ യുവജനങ്ങൾക്ക് സാധ്യമാകുന്നില്ല. അരലക്ഷം കുട്ടികൾ കേരളം വിട്ട് ഓരോ വർഷവും വിവിധ ഇടങ്ങളിലേക്ക് കുടിയേറുന്നു. വർദ്ധിച്ചു വരുന്ന കുടിയേറ്റങ്ങൾ ഈ സംസ്ഥാനത്തിന്റെ മനുഷ്യ വിഭവത്തിന് കടുത്ത ആഘാതമേൽപ്പിക്കുന്നുവെന്നതിൽ തർക്കമില്ല. ഒരു കാലത്ത് ഗൾഫ് മേഖലയെ ആശ്രയിച്ചിരുന്ന കേരളത്തിന്റെ ജിഡിപി നിരക്ക് കോവിഡ് കാലത്തിന് ശേഷം വലിയ രീതിയിൽ ഇടിവിന് വിധേയമായി. ഗൾഫിൽ നിന്നും നാട്ടിലേക്ക് തൊഴിൽ രഹിതരായി അനേകർ മടങ്ങി വന്നത് കടുത്ത സാമ്പത്തീക പ്രതിസന്ധിക്ക് വഴിയൊരുക്കി. മികച്ച ജീവിത നിലവാരത്തിന് വേണ്ടി കുടിയേറ്റം ചെയ്യുന്നവരെ കുറ്റപ്പെടുത്തുന്നതിൽ അർത്ഥമില്ല. നേരെ മറിച്ച് കേരളത്തെ കൂടുതൽ ആകർഷണീയമാക്കേണ്ടത് അനിവാര്യമാണ്. ഒരു കാലത്ത് വിദേശ പഠനം നിർവ്വഹിച്ച സ്വാതന്ത്ര്യ സമര സേനാനികൾ തിരികെ സ്വദേശത്തേക്ക് മടങ്ങി വന്ന് രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനായി പ്രവർത്തിച്ചത് അനുകരണീയമായ മാതൃകയാണ്.

വിവിധ രാജ്യങ്ങൾ വിദേശികളെ സ്വീകരിക്കുന്നതിൽ സന്ദേഹിക്കുന്നതായി കാണുവാൻ കഴിയും. ഇക്കാലത്ത് ഒട്ടും ആതിഥ്യമില്ലാത്ത രാജ്യങ്ങളിലേക്ക് കടന്നു ചെല്ലുന്നത് പരിശോധിക്കണം. വിദേശത്തായിരിക്കുന്നവർക്കായി പ്രത്യാശയുടെ രാഷ്ട്രീയം രൂപപ്പെടുത്തുവാൻ നമുക്ക് സാധിക്കണം. ഈ പ്രത്യാശയുടെ രാഷ്ട്രീയം യുവാക്കളെ സംസ്ഥാനത്തിലേക്ക് ആകർഷിക്കണം. അതുവഴി സംസ്ഥാനത്തിന്റെ പുരോഗതി സാദ്ധ്യമാകണം.

ദീർഘവീക്ഷണത്തോടു കൂടി ഒരു ഉന്നത വിദ്യാഭ്യാസ സമിതി രൂപപ്പെടുത്തി, മികവാർന്ന പാഠ്യപദ്ധതി ക്രമീകരിക്കേണ്ടത് അനിവാര്യമാണ്. വർദ്ധിച്ചു വരുന്ന സാങ്കേതീക സാമൂഹിക, നിർമ്മിത ബുദ്ധിയുടെ ലോകത്ത് കുട്ടികളെ മാറ്റങ്ങൾക്കായി സജ്ജരാക്കുന്ന പാഠ്യപദ്ധതി കാലഘട്ടം ആവശ്യപ്പെടുന്നുണ്ട്. എന്ത് ചിന്തിക്കണമെന്നതിനെക്കാൾ എങ്ങനെ ചിന്തിക്കണമെന്നത് വളർന്നുവരുന്ന തലമുറയെ പഠിപ്പിക്കുവാൻ നമ്മൾ ശ്രദ്ധിക്കണം. പരസ്പരം സഹകരിക്കുന്ന വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ കേന്ദ്രങ്ങളും ഒരുക്കുന്ന പാഠ്യപദ്ധതികൾ വിദ്യാഭ്യാസ മേഖലയെ സമ്പുഷ്ടമാക്കുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിലവാരം ഉയർത്തണമെങ്കിൽ മികച്ച നിലവാരം പുലർത്തുന്ന വിദ്യാഭ്യാസ ഭരണസമിതികൾ ഉണ്ടാകണം. രാഷ്ട്രീയ കടന്നുകയറ്റങ്ങൾ വിദ്യാഭ്യാസ മേഖലയിൽ നിന്നും ഒഴിവാക്കണം. നമ്മുടെ വിദ്യാർത്ഥികളുടെ ചിന്തകളും കഴിവുകളും പ്രകടമാക്കുന്നതിന് സഹായകരമാകുന്ന വിധത്തിൽ പുത്തൻ സാങ്കേതിക വിദ്യകൾ നാം ഉപയോഗിക്കണം. തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുവാൻ നമുക്ക് ശ്രമിക്കണം. ഐ.ടി ഇലക്ട്രിക്ക് മൊബിലിറ്റി, ഫാർമസ്യൂട്ടിക്കൽ മേഖലകളിൽ കൂടുതൽ തൊഴിൽ സാധ്യതകൾ കണ്ടെത്തണം. ലഭ്യമായ വിഭവങ്ങൾ കയറ്റുമതിക്ക് ഒതുങ്ങുന്ന തലത്തിൽ അസംസ്കൃത വസ്തുക്കളെ ഉത്പന്നമായി മാറ്റിയെടുക്കാൻ ശ്രമിക്കണം. മികച്ച മൂല്യം ലഭിക്കുന്ന വിഭവങ്ങൾ ഇത്തരത്തിൽ ഉപയോഗിക്കുന്നതിന് മുൻകൈയ്യെടുക്കണം. വ്യവസായ സൗഹൃദ അന്തരീക്ഷം കേരളത്തിൽ സൃഷ്ടിക്കേണ്ടത് അനിവാര്യമാണ്. തൊഴിൽ അന്വേഷകരായ സ്ത്രീകൾ വർദ്ധിച്ചു വരുന്ന കാലത്ത് സ്ത്രീ സൗഹൃദ തൊഴിൽ ഇടങ്ങൾക്ക് രൂപം നൽകണം. സ്ത്രീകൾക്ക് സ്വന്തമായി ഒരു വ്യവസായിക പദ്ധതികൾ സൃഷ്ടിക്കപ്പെടണം.

മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളം പല കാര്യങ്ങളിലും മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. അതിനെ വളർത്തേണ്ടതും, പരിപോഷിപ്പിക്കേണ്ടതും, യുവജനങ്ങളുടെ ആവശ്യമാണ്. നമ്മുടെ അഭിമാനത്തെക്കുറിച്ചെല്ലാം വള്ളത്തോൾ ഇങ്ങനെ കുറിച്ചത് "ഭാരതമെന്ന് കേട്ടാൽ അഭിമാനപൂരിതമാകണം അന്തഃരംഗം, കേരളമെന്ന് കേട്ടാലോ തിളയ്ക്കണം ചോര നമുക്ക് ഞരമ്പിൽ".




*യുവവേദി യോഗത്തിൽ യുവജനസഖ്യം പ്രസിഡന്റ് ഡോ.തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പ പ്രസംഗിക്കുന്നു*

*തയ്യാറാക്കിയത് :*
*ജെബിൻ വിനോദ് തോമസ്*
*ജിതിൻ രാജു*
*(മാർത്തോമ്മ വൈദീക സെമിനാരി)*

സായാഹ്നയോഗം

# ക്രിസ്തുവിനോടൊപ്പം അർത്ഥപൂർണ്ണമായ ജീവിതം

## ഡോ.മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്കോപ്പ



### യോഹന്നാൻ 3:1-2, 7:50, 19:39

നിക്കോദിമോസിന്റെ ജീവിതത്തിൽ നിന്നും നഷ്ടങ്ങളുടെ ആത്മീയതയെന്ന ചിന്ത ധ്യാനിക്കാം. ക്രിസ്തുവിനോടൊപ്പം ഖബറടക്ക വേളയിൽ വരെ സഞ്ചരിച്ചവനാണ് നിക്കോദിമോസ്. ഇത് തന്നെയാണ് നിക്കോദിമോസിന്റെ ശിഷ്യത്വത്തിന്റെ പ്രാധാന്യം. നഷ്ടങ്ങളുടെ ആദ്ധ്യാത്മീകത കർത്താവിനോട് ചേർന്നതും കർത്താവ് നമ്മോട് ചേർന്നതുമായ അനുഭവമാണ്. പരാജയത്തിലേക്ക് വീണുപോയ ശിഷ്യന്മാരുടെ കൂടെ മുറിവേറ്റ കർത്താവിന്റെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. അനാഥത്വത്തിന്റെ രാജകുമാരൻ പറയുന്നു. ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല.

ആർജ്ജിക്കുകയെന്ന ആധുനിക ചിന്തകളുടെ മധ്യത്തിൽ നഷ്ടങ്ങളുടെ ആത്മീയതക്ക് ശക്തിയും ആധികാരകതയുമുള്ളത്. മനസ്സുകൊണ്ട് മനസ്സിനെ തൊടുന്ന പാരസ്പരികത ദൈവം പ്രതീക്ഷിക്കുന്നു. അവിടെ അനിവാര്യമായ മാറ്റങ്ങൾ സംഭവിക്കുന്നു. ദൈവവും ഞാനും കണ്ടുമുട്ടുമ്പോൾ നമ്മുടെ ദിശയ്ക്ക് സവിശേഷമായ മാറ്റം സംഭവിക്കുന്നു. അതുവരെ സഞ്ചരിച്ചതിൽ നിന്നും വ്യത്യസ്തമായ ദിശകൾ ആത്യന്തകമായി ദൈവത്തിന്റെ അടുക്കലേക്ക് എത്തിക്കുന്നതാണ്. കാരണം വ്യത്യസ്തമായ ദിശകൾ തിരഞ്ഞെടുക്കുന്നത് ദൈവ വിളിയോടെയാണ്. മോശയ്ക്ക് മുൾപ്പടർപ്പിന്റെ നടുവിൽ നിന്നും ലഭിക്കുന്ന ദൈവീക നിയോഗം ഇത് നമുക്ക് വ്യക്തമാക്കുന്നു.

നിക്കോദിമോസ് രക്ഷകനെ തിരിച്ചറിഞ്ഞതാണ് ഈ അനുഭവം വലിയ സന്തോഷത്തിന്റെ ഭാഗമാണ്. നഷ്ടപ്പെട്ട മകന്റെ ഉപമയിൽ അപ്പന്റെ സമീപത്തേക്കുള്ള മടങ്ങിവരവ് ജീവിതം തിരിച്ചു പിടിച്ച സന്തോഷത്തിന്റെ അനുഭവമാണ്. എന്നാൽ സഹോദരന്റെ വ്യാകുലത കാണിക്കുന്നത് - തിരിച്ചു വരവിൽ അസ്സമാധാനം അനുഭവിക്കുന്ന ജീവിതങ്ങളെയാണ്. ഉത്പത്തി പുസ്തകം 33:10-ൽ ദൈവത്തിന്റെ മുഖം സഹോദരന്മാരിൽ കാണുന്ന അനുഭവത്തെയാണ്. ദൈവം യേശുക്രിസ്തുവിലൂടെ നീതികരണം സാധ്യമായിരിക്കുന്ന ബോധ്യത്തിൽ ദൈവത്തോടൊത്ത് ജീവിക്കുന്നതാണ് വിശ്വാസം. സുവിശേഷം ശക്തമായി ആഹ്വാനം ചെയ്യുന്നത് ദൈവത്തിങ്കലേക്കുള്ള മടങ്ങി വരവിനെയാണ്. സക്കായിയുടെ ജീവിതത്തിലും ഇത് വ്യക്തമാണ്, സമൃദ്ധിയിലും അവൻ തന്റെ കുറവിനെ മനസ്സിലാക്കുന്നു. രക്ഷയ്ക്ക് സാധുത ഉണ്ടാകുന്നത് ദൈവം ഒപ്പമായിരിക്കുന്ന അനുഭവങ്ങളിലാണ്. നഷ്ടങ്ങളോടെയാണ് സക്കായി രക്ഷയിലേക്ക് എത്തിച്ചേരുന്നത്. ചോദ്യങ്ങൾക്ക് ഉത്തരം പറയുന്നതിനെക്കാൾ ദുഷ്ക്കരമാണ് ചോദ്യം ഉന്നയിക്കുകയെന്നത്. സത്യാന്വേഷിയായ നിക്കോദിമോസ് ചോദ്യം ചോദിക്കുന്നതായി നാം കാണുന്നു. ഇത് രക്ഷാനുഭവത്തിന്റെ ആരംഭമാണ്. ഞങ്ങൾക്ക് ദൈവത്തെ കാണണമെന്ന് പറയുന്നവർക്ക് മുൻപിൽ ക്രൂശിന്റെ ആഘോഷം വ്യക്തമാക്കുന്നത് സ്വർഗ്ഗം വെടിഞ്ഞ് സ്വയം വെളിപ്പെടുത്തിയ ദൈവത്തെയാണ്. ക്രൂശീകരണം മഹത്വീകരണം കൂടിയാണ്. യോഹന്നാൻ 12:32-ൽ പറയുന്നതാണ് ക്രൂശിന്റെ ദർശനം. താൻ ക്രൂശിൽ നിന്ന് ഉയർത്തപ്പെട്ടാൽ എല്ലാവരെയും തന്നിലേക്ക് ആകർഷിക്കും.

പത്രോസിന് ഒപ്പം പടകിൽ കയറുന്ന ക്രിസ്തു സാന്നിദ്ധ്യം സൂചിപ്പിക്കുന്നത്. ദൈവകൃപയുടെ കടന്നു കയറ്റത്തെയാണ്. സമുദ്ര ജീവിതത്തിൽ നിന്നും സമൂഹ ജീവിതത്തിലേക്ക് അവിടെ മാറ്റം സംഭവിക്കുന്നു. ക്രിസ്തുവിനെ അവൻ തള്ളിപ്പറയുന്നുണ്ടെങ്കിലും ദൈവസാന്നിദ്ധ്യം അവനെ ശിഷ്യത്വത്തിലേക്ക് വീണ്ടും നയിക്കുന്നു. യോഹന്നാൻ 7: 50 ൽ യേശുവിന്റെ വിചാരണയിൽ യേശു നിക്കോദിമോസിന് വേണ്ടി വാദിക്കുന്നുണ്ട്. നിക്കോദിമോസിന്റെ ബോധ്യത്തിലൂടെ അവൻ നീതിക്കായി നിലകൊള്ളുന്നു. എവിടെ ധ്യാനം അവസാനിക്കുന്നുവോ, അവിടെ ജീവിതം ആരംഭിക്കുന്നു. ജീവിതം വൈരുദ്ധ്യങ്ങളുടെ സംഘർഷ ഭൂമിയാണ്. അവിടെ നീതിയുടെ മക്കളായി നിലനിൽക്കാൻ സാധിക്കണം. അനീതിക്കെതിരെ ശബ്ദമുയർത്തണം.

നിക്കോദിമോസ് കുരിശിന്റെ വഴിയിൽ ചലിച്ചവനാണ്. ജീവിത വിശുദ്ധികൊണ്ട് ലോകത്തിന് സുഗന്ധമായി തീരുവാൻ സാധിക്കണം. കുരിശ് പറുദീസ തുറക്കുന്നതിനുള്ള താക്കോലാണ്. മറ്റുള്ളവരുടെ ആവശ്യങ്ങളോട് പ്രതികരിക്കുമ്പോഴാണ് പറുദീസ അനുഭവം സാധ്യമാകുന്നത്.

യോഹന്നാന്റെ സുവിശേഷത്തിൽ കാഴ്ചയ്ക്ക് അപ്പുറത്തെ കാഴ്ചയാണ് വിശുദ്ധ കുർബ്ബാനയിലൂടെ ലഭിക്കുന്നത്. യേശുവിന് ഇടം നൽകുന്നതാണ് വി. കുർബ്ബാന. ദൈവ സ്നേഹത്തിന്റെ തണൽ ഈ സമൂഹത്തിന് നൽകാൻ നമുക്ക് സാധിക്കണം.

ദൈവം കാര്യവിചാരകരായി നമ്മെ ആക്കിയിരിക്കുമ്പോൾ ജീവിതം അർത്ഥപൂർണ്ണമാക്കുന്ന ശിഷ്യത്വം നമുക്ക് ജീവിത്തിൽ പിന്തുടരാം.

*തയ്യാറാക്കിയത്*
*ക്രിസ്റ്റി സന്തോഷ്*
*ജിതിൻ രാജു*
*(മാർത്തോമ്മ വൈദീക സെമിനാരി)*



*വചനകേൾവിക്കായി കാതോർത്ത് വിശ്വാസ സമൂഹം*


എഡിറ്റോറിയൽ കോർഡിനേറ്റേഴ്സ്
അഡ്വ.ജേക്കബ്ബ് ജോൺ കരിക്കം
അജി അലക്സ്
എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ
റവ.ജിജി മാത്യൂസ്
പ്രൊഫ.ഡോ.അജിത് വർഗ്ഗീസ് ജോർജ്ജ്
റവ.സജി പി സൈമൺ
ജേക്കബ്ബ് ശാമുവേൽ
പി.പി.അച്ചൻകുഞ്ഞ്
പി.കെ.കുരുവിള
തോമസ് കോശി
ജോസ് പി വയയ്ക്കൽ
ലറ്റീഷ്യ തോമസ്
സജി എം ജോർജ്
ഡിസൈൻ & ലേ ഔട്ട്
അരുൺ കുംബ്ലോലിൽ
ഷിജു ചുനക്കര



മാരാമൺ കൺവൻഷൻ പാട്ടു പുസ്തകങ്ങൾ (മലയാളം & ഇംഗ്ലീഷ് ട്രാൻസ്ലിറ്ററേറ്റഡ്) 20 രൂപയ്ക്ക് മണൽപ്പുറത്ത് ലഭ്യമാണ്.

കൺവൻഷൻ പാട്ടുകളുടെ സി.ഡി 100 രൂപയ്ക്ക് യുവജനസഖ്യം സ്റ്റാളുകളിൽ ലഭ്യമാണ്.

കൺവൻഷൻ പാട്ടുകളുടെ പെൻഡ്രൈവ് 400 രൂപയ്ക്ക് യുവജനസഖ്യം സ്റ്റാളുകളിൽ


## മാരാമണ്ണിൽ നാളെ

**19.02.2023**

രാവിലെ 07.30 വിശുദ്ധ കുർബ്ബാന

മാരാമൺ
ഡോ.തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത

ചിറയിറമ്പ്
തോമസ് മാർ തിമോഥിയോസ് എപ്പിസ്കോപ്പ

കോഴഞ്ചേരി
ഡോ.തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പ

09.30-ന് കൺവൻഷൻ പന്തലിൽ
പരസ്യാരാധന
ഡോ.യൂയാക്കീം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്ത
ഡോ.ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്ത

ഉച്ചയ്ക്ക് 03.00 -ന്
സമാപന യോഗം
ഡോ.തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത



*മാരാമൺ മണൽപ്പുറത്തു നിന്നും...............*

**കന്നഡ ഭാഷാ മേഖലയിലെ വിശ്വാസി സംഗമയോഗം**

# ചിന്താകുലങ്ങളിൽ പ്രത്യാശയും കരുതലും നൽകുന്ന ക്രിസ്തു സാന്നിദ്ധ്യം : റവ.ജിൻസൺ കെ മാത്യു

മാനുഷിക ജീവിതത്തിൽ നാം പല കാര്യങ്ങളിൽ ചിന്താകുലരാണ്, ചിന്താകുലങ്ങളിൽ വിഷമിതരാകുമ്പോൾ ഭയപ്പെടേണ്ട എന്ന ദൈവ ശബ്ദം അനുദിനവും നമ്മെ ധൈര്യത്തോടിരിപ്പാൻ പുത്തൻ പ്രേരണ നൽകുന്നു. യേശുക്രിസ്തു തന്റെ പർവ്വത പ്രസംഗത്തിൽ വിചാരപ്പെടരുതെന്നും വിചാരപ്പെടുന്നതിനാൽ തന്റെ നീളത്തോട് ഒരു മുഴം കൂട്ടുവാനും, ഒരു മുഴം കുറയ്ക്കുവാനും കൂട്ടുവാനും നിങ്ങളിൽ ആർക്കും കഴിയില്ല. എന്ത് തിന്നും, എന്ത് കുടിക്കും, എന്ത് ഉടുക്കും എന്നിങ്ങനെ നിങ്ങൾ വിചാരപ്പെടരുത്. ഈ വകയൊക്കെയും ജാതികൾ അന്വേഷിക്കുന്നു. സ്വർഗസ്ഥനായ നിങ്ങളുടെ പിതാവ് ഇതൊക്കെയും നിങ്ങൾക്ക് ആവശ്യമെന്ന് അറിയുന്നുവല്ലോ. മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ അതോടുകൂടി ഇതൊക്കെയും നിങ്ങൾക്ക് കിട്ടുമെന്ന് വിവരിച്ചിരിക്കുന്നു. അതുകൊണ്ട് നാളത്തെ ദിവസത്തെക്കുറിച്ച് വിചാരപ്പെടേണ്ട ആവശ്യമില്ല.

നാം മനസ്സിലാക്കുമ്പോൾ മനുഷ്യന് എല്ലാ കാര്യങ്ങളിലും കാര്യവിചാരത്തിന്റെ കാരണം എല്ലാ കാര്യങ്ങളും തന്റെ നിയന്ത്രണത്തിൽ അല്ല, നാളെ എന്ത് സംഭവിക്കുമെന്നുള്ളതിന്റെ ഭയമാണ്. ഇപ്രകാരം നാളയെക്കുറിച്ചുള്ള ഭയത്തിലും വിചാരത്തിലും ആകുലതയിലും ഉള്ള മാനവരാശിക്ക് വിശുദ്ധ പത്രോസ് പറയുവാൻ ആഗ്രഹിക്കുന്നത്. അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾവീൻ എന്നാണ്.

സാത്താന്റെ ശക്തിയെ എതിർക്കുന്നവരാകണം

നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹമെന്ന പോലെ ആരെ വിഴുങ്ങേണ്ടുവെന്ന് തിരിഞ്ഞ് ചുറ്റി നടക്കുന്നു. അതുകൊണ്ട് നിർമ്മദരായിരിപ്പിൻ, ഉണർന്നിരിപ്പിൻ എന്ന് പത്രോസ് നമ്മെ ഓർമ്മിപ്പിക്കുന്നു. ഈ ലോകത്തിൽ ദൈവ ശക്തിയുള്ളതു പോലെ പിശാചിന്റെ ശക്തിയുമുണ്ട്. ദൈവമക്കളായ നാം



പ്രാർത്ഥനയോടും ഉപവാസത്തോടും ഈ സാത്താന്യ ശക്തിയെ എതിർക്കുവാൻ സാധിക്കും.

നാം അനുദിനം സാത്താന്യശക്തിയിൽ അഥവാ സാത്താന്റെ പരീക്ഷയിൽ അകപ്പെടുന്നവരാണ്. അതുകൊണ്ട് ദിവസവും സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവെ എന്ന പ്രാർത്ഥനയോടെ അവസാന ഭാഗത്തിൽ ഞങ്ങളെ പരീക്ഷയിൽ കൂടാതെ ദുഷ്ടനിൽ നിന്നും ഞങ്ങളെ വിടുവിക്കണമെ എന്ന് നാം പ്രാർത്ഥിക്കുന്നു.

നാം ക്രിസ്തുവിനെ അറിയുന്നതിന് മുമ്പ് അജ്ഞാനികളായിരുന്നു. എല്ലാ നടപ്പിലും വിശുദ്ധന്മാർ ആകുവീനെന്ന് ദൈവത്തോട് ഓർമ്മിപ്പിക്കുന്നു. അതുപോലെതന്നെ പിശാചിന്റെ തന്ത്രങ്ങളെ എതിർക്കുവാൻ ഉണർന്നിരിപ്പിൻ എന്നാണ് സുവിശേഷത്തിൽ യേശുവും പലതവണ ഉണർന്നിരിപ്പിൻ എന്ന് ശിഷ്യന്മാരോട് സൂചിപ്പിക്കുന്നു.

ദൈവം നമ്മെ അനുദിനം ഓർമ്മപ്പെടുത്തുന്നത് പിശാചിന്റെ തന്ത്രങ്ങളെ എതിർക്കുവാൻ നിർമ്മദരായിരിപ്പിൻ, ഉണർന്നിരുന്ന് പ്രാർത്ഥിപ്പിൻ എന്നുള്ളതാണ്. നമ്മുടെ പ്രതിജ്ഞ എന്നുള്ളത് പിശാചിന്റെ ശക്തിക്ക് എന്റെ ജീവിതത്തിൽ ഒരു സ്ഥാനവുമില്ലെന്ന് എന്നായിരിക്കണം.

ക്രിസ്തുവിലുള്ള വിശ്വാസത്തിൽ ഉറച്ചു നിൽക്കുക

വിശ്വാസത്തിൽ സ്ഥിരതയുള്ളവരായിരിപ്പാൻ പ്രഖ്യാപിക്കുന്നു. ക്രിസ്തുയേശുവിലുള്ള വിശ്വാസത്തിൽ ഉറച്ചു നിൽക്കുകയാണെങ്കിൽ അവൻ നമ്മുടെ ഭാരങ്ങളെ വഹിച്ച് നമ്മെ കാവൽ ചെയ്യുന്നതാണ്. ഇവിടെ പത്രോസ് കരുതലിന്റെ രണ്ട് മുഖാന്തിരങ്ങളെ വ്യക്തമാക്കുന്നു.

ഇവിടെ പത്രോസ് വ്യാഖ്യാനിക്കുന്നത് നമ്മുടെ എല്ലാ ചിന്താകുലവും ഭാരവും അവന്റെ മേൽ ഇടുകയാണെങ്കിൽ ക്രിസ്തു നമ്മെ കരുതുമെന്നുള്ളതാണ്. ഇതിന്റെ അർത്ഥം ദൈവത്തിലുള്ള ആശ്രയം എന്നുള്ളതാണ്. അവൻ നമുക്കായി കരുതുന്നവൻ എന്ന് ആത്മവിശ്വാസമാണ് എന്റെ സുഖദുഃഖങ്ങളിൽ രോഗങ്ങളിൽ കടബാദ്ധ്യതകളിൽ തോൽവിയുടെ അനുഭവത്തിൽ മരണത്തിന്റെ താഴ്വരയിൽ എന്നോടൊപ്പമുള്ള ദൈവീക സാന്നിദ്ധ്യത്തിന്റെ ഉറപ്പ്.

## വി.കുർബ്ബാന

നാളെ രാവിലെ 07.30-ന് മാരാമൺ മാർത്തോമ്മാ പള്ളിയിൽ അഭി.ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തയും, ചിറയിറമ്പ് മാർത്തോമ്മാ പള്ളിയിൽ അഭി.തോമസ് മാർ തിമോഥിയോസ് എപ്പിസ്കോപ്പായും കോഴഞ്ചേരി മാർത്തോമ്മാ ഇടവകയിൽ അഭി.ഡോ.തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പായും വിശുദ്ധ കുർബ്ബാന അർപ്പിക്കും.

രാവിലെ 09.30-ന് പന്തലിൽ പരസ്യാരാധന ക്രമീകരിച്ചിട്ടുണ്ട്. അഭി. ഡോ.യൂയാക്കീം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്തയും, അഭി.ഡോ.ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്തയും നേതൃത്വം നൽകും.

അഭി.ഡോ.യൂയാക്കീം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്ത വചന സന്ദേശം നൽകും.

## സ്തോത്രകാഴ്ചകളും സംഭാവനകളും

കൺവൻഷനിൽ പങ്കെടുക്കാൻ കഴിയാത്തവർക്ക് സ്തോത്രകാഴ്ചയും സുവിശേഷവേലയ്ക്കായുള്ള സംഭാവനയും നൽകുന്നതിനുള്ള ബാങ്ക് ഡീറ്റെയിൽസ് കൺവൻഷൻ തത്സമയം ടെലികാസ്റ്റ് ചെയ്യുന്ന മാധ്യമങ്ങളിൽ കൂടെ ലഭിക്കുന്നതാണ്. ഓൺലൈനായി പണമടയ്ക്കുന്നവർ പേമെന്റ് ഗേറ്റ്‌വേ സംവിധാനത്തിലൂടെയും ക്യു ആർ കോഡ് സ്കാൻ ചെയ്തും സ്തോത്രകാഴ്ചയിൽ പങ്കുചേരാം.

## സുവിശേഷ പ്രസംഗ സംഘം ഓഫീസ്

സുവിശേഷ പ്രസംഗ സംഘത്തിന്റെ ഓഫീസ് പന്തലിലെ പ്രധാന വേദിക്ക് പിന്നിലായി പ്രവർത്തിക്കുന്നു. സംഘത്തിന്റെ വിവിധ സേവനങ്ങൾ ഇവിടെ ലഭ്യമാണ്.

## മാരാമൺ സന്ദേശത്തിനായി പ്രസംഗങ്ങൾ എഴുതി സഹായിച്ച കോട്ടയം വൈദീക സെമിനാരി വിദ്യാർത്ഥികൾ



*ലിന്റു തരകൻ,ലിപിൻ പൊന്നച്ചൻ,അലക്സ് ചെറിയാൻ,ജസ്റ്റിൻ എ തോമസ് ,സാം ജോസ്, കെവിൻ കെ മാത്യു, മാത്യു എബ്രഹാം വർഗീസ്, ക്രിസ്റ്റി കെ സന്തോഷ്, ജിതിൻ രാജു, സോജു തോമസ് മാത്യു, സെബി കെ പോൾ,ജെബിൻ വി തോമസ്*





*സാനു ജോസഫ്, റിജോ എബ്രഹാം ചെറിയാൻ*